"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നോർക്ക വകുപ്പ് - സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ ട്രെയിനിങ് പ്രോഗ്രാം പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നോർക്ക (എ) വകുപ്പ്**

സ.ഉ.(സാധാ) നം.471/2024/NORKA തീയതി,തിരുവനന്തപുരം, 27-06-2024

പരാമർശം:-

1. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 23-05-2024 തീയതിയിലെ 2445/സി.ഇ.ഒ/2024/റൂട്ട്സ് നമ്പർ കത്ത്.
2. 03-06-2024 തീയതിയിലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക വകുപ്പ് നടപ്പാക്കി വരുന്ന തുടർപദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ ട്രെയിനിങ് പ്രോഗ്രാം. വിവിധ തൊഴിൽ മേഖലകളിൽ സാങ്കേതിക വൈദഗ്ധ്യം, ആശയ വിനിമയ വൈദഗ്ധ്യം, നിയമന നടപടികൾ, വിസ, തൊഴിൽ കരാർ, കുടിയേറ്റം മുതലായവ സംബന്ധിച്ച ബോധവൽക്കരണം എന്നിവ ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. ഭാഷാ പരിശീലനം കൂടാതെ പി.ഡി.ഒ.പി, വിസ, തൊഴിൽ കരാർ മുതലായവ സംബന്ധിച്ച് ബോധവൽക്കരണം നല്കാനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. സാങ്കേതിക വൈദഗ്ധ്യം നൽകുന്നതിനോടൊപ്പം അറബ്, ഇംഗ്ലീഷ്, ജർമ്മൻ, ജപ്പാനീസ് തുടങ്ങിയ ഭാഷകളിൽ പരിശീലനം നൽകുന്നതിനുമായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് (NIFL) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം NIFL-ന്റെ സാറ്റലൈറ്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്..

2. സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ ട്രെയിനിങ് പ്രോഗ്രാമിന്റെ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-40 (പ്ലാൻ) എന്ന ശീർഷകത്തിൽ 200,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ പരാമർശം (1)-ലെ കത്ത് പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് ഭരണാനുമതിക്കായി വിശദമായ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ശുപാർശ 03-06-2024-ൽ ചേർന്ന വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും, പരാമർശം (2) -ലെ നടപടിക്കുറിപ്പ് പ്രകാരം സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ ട്രെയിനിങ് പ്രോഗ്രാമിന് 2024-25 സാമ്പത്തിക വർഷം ആകെ 200,00,000/-രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) അടങ്കൽ തുകയ്ക്ക് താഴെ പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകാൻ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

| Scheme :Skill Upgradation & Re-Integration Training Programme | | |
|---|---|---|
| Sl.No. | Components | Financial Targets (Rupees in Lakhs) |
| 1. | Running expenses for NORKA institute of foreign language at Thiruvananthapuram | 89.35741 |
| 2. | Running expenses for NORKA institute of foreign language at Kozhikode | 85.39542 |
| 3. | Setting up of Satellite agencies at various districts under NIFL | 25.24717 |
| **TOTAL** | | **200.000** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ ട്രെയിനിങ് പ്രോഗ്രാം പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-40(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ₹200,00,000/-രൂപയ്ക്ക് (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) മേൽ ഘടകങ്ങൾ പ്രകാരം തുക ചെലവഴിച്ച് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു എസ്
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്
നോർക്ക (ബി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ2/132/2024/നോർക്ക).

ഉത്തരവിൻ പ്രകാരം
Signed by
Roopa. S. Thampi
Date: 28-06-2024 11:15:05
സെക്ഷൻ ഓഫീസർ